# ഏലൂർ പ്രതിസന്ധി പുതിയ ദിശാബോധം സൃഷ്ടിക്കുമോ?

സി. ആർ. നീലകണ്ഠൻ

**കേരളത്തിന്റെ** വ്യവസായ തലസ്ഥാനമാണ് ഏലൂർ-കളമശ്ശേരി മേഖല. വ്യാവസായികമായി കേരളം ഏറെ പിന്നാക്കമാണെങ്കിലും വ്യാവസായിക മലിനീകരണത്തിന്റെ കാര്യത്തിൽ ഈ മേഖല ലോകത്തിൽ മുപ്പത്തഞ്ചാമത്തേതും ഇന്ത്യയിൽ മൂന്നാമത്തേതുമാണ്. പെരിയാറെന്ന നദിയുടെ കരയിൽ 250 ൽ പരം രാസവ്യവസായ ശാലകളുണ്ട്. ഇതിൽ വൻകിടയും ചെറുകിടയുമുണ്ട്. പൊതു-സ്വകാര്യ മേഖലകളിലുള്ളവയുമുണ്ട്. ഇവർ പുറത്തുവിടുന്ന മാലിന്യങ്ങളും അനേകം മാരകവിഷങ്ങൾ അടങ്ങിയിട്ടുണ്ടെന്ന കാര്യം എല്ലാവർക്കും അറിയാം. കീടനാശിനികളും റേഡിയോ ആക്റ്റീവ് ആണവ മാലിന്യങ്ങൾ വരെയുണ്ട്. കമ്പനികളുടെ മാലിന്യക്കുഴലുകൾ പുഴകളിലേക്കു തുറന്നു വച്ചിരിക്കുകയാണ്. പലപ്പോഴും നദി ബഹുവർണങ്ങളിൽ ഒഴുകുന്നു. വർഷത്തിൽ രണ്ടോ മൂന്നോ പ്രാവശ്യം മത്സ്യങ്ങളുടെ കൂട്ടക്കുരുതി നടക്കുന്നു. കൊച്ചിക്കും ചുറ്റുമുള്ള പ്രദേശത്തിനും വേണ്ടിവരുന്ന, 35 ലക്ഷം പേരുടെ കുടിവെള്ളം പെരിയാറാണ് നൽകുന്നത്. അനേകശതം ഹെക്ടറിലെ കൃഷിക്കും ഈ മലിനീകരണം ഭീഷണിയാണ്. ഈ വ്യവസായങ്ങൾക്കുതന്നെയും നദിയുടെ മലിനീകരണം പ്രതിസന്ധി സൃഷ്ടിക്കുന്നു. ആരോഗ്യ സർവ്വേയുടെ ഫലങ്ങൾ ഞെട്ടിക്കുന്നതാണ്. അർബുദം, തലച്ചോറിനെയും നാഡീവ്യൂഹത്തെയും ശ്വാസകോശത്തെയും ത്വക്കിനെയും ബാധിക്കുന്ന നിരവധി രോഗങ്ങൾ തുടങ്ങിയവയെല്ലാം കേരളത്തിലെ മറ്റേതൊരു ഗ്രാമത്തിലുമുള്ളതിന്റെ പല മടങ്ങാണ് ഏലൂരിൽ. രണ്ടു പതിറ്റാണ്ടിലേറെയായി അവിടത്തെ ജനങ്ങൾ സമരം നടത്തിക്കൊണ്ടിരിക്കുന്നു.

അപകടകരമായ മാലിന്യങ്ങൾ (ഹസാർഡസ് വേസ്റ്റ്) സംബന്ധിച്ച് മൂന്നു പതിറ്റാണ്ടിലേറെയായി ലോകത്തിന്റെ പലഭാഗത്തും നടത്തിയ സമ്മേളന തീരുമാനങ്ങളുണ്ട്. അതിന്റെ ചുവടുപിടിച്ചുണ്ടാക്കിയ ദേശീയ നിയമങ്ങളുണ്ട്, കോടതി വിധികളുണ്ട്. ഇവയൊന്നും ഈ വ്യവസായികൾ കണ്ടതായി നടിച്ചില്ല. ഏറ്റവുമൊടുവിൽ 2003 ഒക്ടോബർ 14 ന് സുപ്രീം കോടതി നടത്തിയ ചരിത്ര പ്രസിദ്ധമായ വിധിയാണ് ഇവരുടെ കണ്ണ് അൽപമെങ്കിലും തുറപ്പിച്ചത്. കേന്ദ്രമലിനീകരണ നിയന്ത്രണബോർഡിലെ ശാസ്ത്രജ്ഞനായ ഡോ. ജി.കെ. രാജന്റെ അദ്ധ്യക്ഷതയിൽ ഒരു സുപ്രീം കോടതി മേൽനോട്ടസമിതി രൂപീകരിച്ചുകൊണ്ടും ഇന്ത്യയിലവിടവിടെയുള്ള ഇത്തരം വ്യവസായശാലകൾ സന്ദർശിച്ച് അപകടകരമായ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി സ്ഥാപിച്ചിട്ടുള്ള സംവിധാനങ്ങൾ പരിശോധിക്കാനും അത്തരം സംവിധാനങ്ങളില്ലാത്ത സ്ഥാപനങ്ങൾ അടച്ചുപൂട്ടാൻ ഉത്തരവിടാനും ഈ വിധി നിർദ്ദേശിച്ചു.

1995 ൽ സുപ്രീം കോടതി നടത്തിയ ഒരു വിധി പ്രസ്താവനയാണിതിന്റെ തുടക്കം. അപകടകരമായ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് അടിയന്തര സംവിധാനങ്ങളുണ്ടാക്കാൻ സംസ്ഥാന സർക്കാരുകളോട് ആ വിധിയിലൂടെ ആവശ്യപ്പെട്ടു. കേരള സർക്കാർ ഇതു സംബന്ധിച്ച് പലവട്ടം കോടതിയിൽ ഹാജരായി നിരവധി ഉറപ്പുകൾ നൽകിയിരുന്നു. 1997 ൽ കോടതി അന്ത്യശാസനം നൽകി. പതിവുപോലെ കാലാവധി നീട്ടിക്കിട്ടാൻ വേണ്ടി അവർ ഹർജി നൽകി. 2001 ൽ സുപ്രീം കോടതി ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചു. ഏലൂരിലേതടക്കം ഒട്ടേറെ വ്യവസായങ്ങൾ അടിയന്തരമായി അടച്ചുപൂട്ടേണ്ടതാണെന്നായിരുന്നു അവരുടെ ശുപാർശ. അതുകൊണ്ടും ഫലമില്ലാതെ വന്നപ്പോഴാണ് മേൽപറഞ്ഞ വിധിയുണ്ടായത്.




**അപകടകരമായ മാലിന്യങ്ങൾ**

വ്യവസായം സമം വികസനം സമം സമൃദ്ധിയെന്ന ലളിത സമവാക്യം മുതലാളിത്തത്തിന്റേതാണെങ്കിലും കമ്മ്യൂണിസ്റ്റുകാരെന്നറിയപ്പെടുന്നവരും ഇതിനെ എതിർത്തില്ല. വായു, വെള്ളം, മണൽ, കാട് തുടങ്ങിയ പ്രകൃതിവിഭവങ്ങൾ അനന്തമാണെന്നതായിരുന്നു ഈ നിലാപാടിനടിസ്ഥാനം.

എങ്കിലും പ്രകൃതിക്കുമേൽ മനുഷ്യൻ നേടിയ വിജയങ്ങളെച്ചൊല്ലി അതിരുകടന്ന ആത്മപ്രശംസ നടത്തേണ്ടതില്ല. അത്തരം ഓരോ വിജയത്തിനും പ്രകൃതി നമ്മോട് പക വീട്ടുന്നുണ്ട്. ഓരോ വിജയവും ഒന്നാമത് ഉളവാക്കുന്നത് നമ്മൾ പ്രതീക്ഷിച്ച ഫലങ്ങളാണെന്നത് ശരിതന്നെ. എന്നാൽ രണ്ടാമതും മൂന്നാമതുമായി അതുളവാക്കുന്നത് തികച്ചും വ്യത്യസ്തവും അപ്രതീക്ഷിതവും പലപ്പോഴും ആദ്യത്തേതിനെ തട്ടിക്കിഴിക്കുന്നതുമായ ഫലങ്ങളാണ്. മെസപ്പൊട്ടാമിയയിലും ഗ്രീസിലും ഏഷ്യാമൈനറിലും മറ്റും




കൃഷി ഭൂമിക്കുവേണ്ടി വനങ്ങളെ നശിപ്പിച്ചവർ, വനങ്ങളോടൊപ്പം നനവിന്റെ ശേഖരണകേന്ദ്രങ്ങളെയും സംഭരണികളെയും കൂടി ഇല്ലാതാക്കുകയായിരുന്നുവെന്ന്...'' (പ്രകൃതിയിലെ വൈരുദ്ധ്യാത്മകത, പേജ് 223-224) എന്നു പറഞ്ഞത് ഏംഗൽസ് ആണെന്നറിയാതിരുന്നാൽ, അദ്ദേഹത്തെ മാർക്സിസ്റ്റ് വിരുദ്ധനും സാമ്രാജ്യത്വ ദല്ലാളുമായി മുദ്രകുത്താൻ മടിക്കാത്തവരാണ് നമ്മുടെ ചില കമ്മ്യൂണിസ്റ്റുകാർ. തൊഴിലാളി സംഘടനകൾക്ക് കമ്മ്യൂണിസ്റ്റ് അടക്കമുള്ള രാഷ്ട്രീയ കക്ഷികളിൽ നിർണായക സ്വാധീനമുണ്ടായിരുന്നതിനാൽ ഒരു സർക്കാരും അവർ പറയുന്നതിനെതിരാകില്ല. കുടിവെള്ളവും ശുദ്ധവായുവും നഷ്ടപ്പെടുന്നവരും അതുകൊണ്ട് രോഗം ബാധിച്ചവരും നദി നശിച്ചതുകൊണ്ട് കൃഷി, മത്സ്യബന്ധനം തുടങ്ങിയ മേഖലകളിലെ തൊഴിൽ നഷ്ടപ്പെട്ടവരും തൊഴിലാളി വർഗത്തിന്റെ ഭാഗമാണെന്ന കാര്യം സൗകര്യപൂർവ്വം മറന്നു.

എന്നാൽ ഏംഗൽസ് തന്നെ പറഞ്ഞതുപോലെ ഈ പ്രതിസന്ധി അതിരൂക്ഷമാവുകയും തങ്ങളുടെ നിലനിൽപ്പിനു തന്നെ ഭീഷണിയാകുകയും ചെയ്തപ്പോഴാണ്, നാളിതുവരെ പറഞ്ഞ കാര്യങ്ങളുടെ യാന്ത്രികയുക്തികൾ (യുക്തിരാഹിത്യം) അൽപ്പമെങ്കിലും ഇവർക്കു ബോധ്യമായത്. ഓസോൺ പാളിയിലെ തുളകളും അന്തരീക്ഷ താപമാനത്തിലെ വർദ്ധനയും കാലാവസ്ഥാമാറ്റവും വരൾച്ചയും വെള്ളപ്പൊക്കവും ഇതിന്റെയെല്ലാം ഫലമായുണ്ടായ പട്ടിണിയും ദാരിദ്ര്യവും തൊഴിൽ നഷ്ടവും കുടിയൊഴിപ്പിക്കലുമെല്ലാം രൂക്ഷമായി. മുതലാളിത്തത്തിന്റെ സൗകര്യങ്ങളിൽ തൊഴിലാളികളും മയങ്ങിപ്പോയിയെന്ന സത്യം അപ്പോഴാണറിയുന്നത്. ഉൽപ്പാദനത്തിലും വേഗതയിലും സൗകര്യങ്ങളിലും അനന്തമായ വർദ്ധന സാദ്ധ്യമാണെന്ന ധാരണയ്ക്കുമേലാണ് മുതലാളിത്തം വളർന്നതും അതു സാമ്രാജ്യത്വമായതുമെന്ന് വൈരുദ്ധ്യാത്മകചിന്തയിലൂടെ തിരിച്ചറിഞ്ഞു പ്രതിരോധിക്കുന്നതിന് തൊഴിലാളി വർഗം തയ്യാറായില്ല.

ഈ സമീപനത്തിന്റെ പരിമിതി ബോദ്ധ്യപ്പെടുത്തുന്ന ഒരു നല്ല ഉദാഹരണമാണ് 'അപകടകരമായ മാലിന്യങ്ങൾ'. ഏതു പ്രശ്നത്തിനും പരിഹാരം കാണാൻ സാങ്കേതിക വിദ്യക്കു കഴിയുമെന്ന അന്ധവിശ്വാസത്തിനേറ്റ കനത്ത തിരിച്ചടിയാണിവ. മുതലാളിത്തം ലാഭക്കൊതിമൂലം ശരിയായ മാലിന്യസംസ്കരണ സംവിധാനങ്ങളേർപ്പെടുത്താത്തതാണ് പ്രശ്നം എന്ന ഒത്തുതീർപ്പുനിലപാടുപോലും ഭാഗിക സത്യം മാത്രമായിരുന്നു. ഇതുതന്നെ ഏറെ വൈകിയെടുത്തതാണെന്നതു മറ്റൊരു കാര്യം. എത്ര പണം മുടക്കിയാലും ഏതു സാങ്കേതിക വിദ്യ ഉപയോഗിച്ചാലും പ്രകൃതിയിലേക്ക് തിരിച്ചു നൽകാനാവുന്നതരത്തിൽ സംസ്കരിക്കാനാവാത്ത വിധം അപകടകരമാണ് ഈ മാലിന്യങ്ങൾ. ബേസൽ, സ്റ്റോക്ക്ഹോം, റോട്ടർഡാം തുടങ്ങിയ സ്ഥലങ്ങളിൽ നടന്ന അന്താരാഷ്ട്ര കൺവെൻഷനുകൾ ഇത്തരം മാലിന്യങ്ങളുടെ നീണ്ട പട്ടികകൾ തയ്യാറാക്കിയിട്ടുണ്ട്. ലോകത്തെ മിക്ക രാജ്യങ്ങളും ഇതംഗീകരിച്ചിട്ടുമുണ്ട്. (അംഗീകരിക്കാത്ത ഒരു രാജ്യം ഇത്തരം മാലിന്യങ്ങൾ ഏറ്റവുമധികം സൃഷ്ടിക്കുന്ന അമേരിക്ക തന്നെയാണ്!) ആശുപത്രി മാലിന്യങ്ങൾ, ആണവ മാലിന്യങ്ങൾ, പെട്രോളിയം വ്യവസായത്തിലെ പല മാലിന്യങ്ങൾ, പോളി ക്ലോറിനേറ്റഡ് ബൈഫീനൈൽസ്, സ്ഫോടക വസ്തുക്കൾ, രസം, ആഴ്സനിക് തുടങ്ങിയ ലോഹങ്ങൾ, സൈനൈഡുകൾ, ആസ്ബെസ്റ്റോസ്.... ഇങ്ങനെ പലതും ഇതിൽപ്പെടുന്നു. ഇവ ഒരു കാരണവശാലും വായുവിലും വെള്ളത്തിലും മണ്ണിലും ഭക്ഷണത്തിലുമൊക്കെ കലരാൻ പാടില്ല. തലമുറകളെത്തന്നെ ബാധിക്കുന്ന രോഗങ്ങൾക്ക് ഇവ കാരണമാകുന്നു.

## സുപ്രീം കോടതി ഇടപെടൽ

ഏലൂരിൽ ഇത്തരം 110 മാലിന്യങ്ങളെങ്കിലും പുറത്തുവരുന്നുണ്ടെന്ന് വളരെ മുമ്പേ ബോദ്ധ്യമായതാണ്. പെരിയാർ മലിനീകരണ വിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ വിവിധ സംഘടനകൾ പഠനങ്ങളും സമരങ്ങളും നടത്തി. പഠന വിവരങ്ങൾ മലിനീകരണ നിയന്ത്രണബോർഡിനും സംസ്ഥാന സർക്കാരിനും കോടതികൾക്കും വിദഗ്ദ്ധ സമിതികൾക്കും നൽകിയിട്ടുണ്ട്. മാലിന്യം പുറത്തുവിടുന്ന അനധികൃത കുഴലുകൾ അധികൃതർ നേരിട്ടു കണ്ടിട്ടുമുണ്ട്. ഏലൂരിൽ പ്രവർത്തിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഓഫീസിലെ പരിശോധനാസംവിധാനം ശക്തിപ്പെടുത്തണമെന്നാണ് ജനങ്ങൾ ആവശ്യപ്പെട്ടതെങ്കിലും ആ ഓഫീസ് സർക്കാർ അടച്ചു പൂട്ടുകയാണുണ്ടായത്.

സ്ഥലവും കമ്പനികളും നേരിട്ടു വന്നു പരിശോധിച്ച സുപ്രീം കോടതി മേൽനോട്ട സമിതിയുടെ റിപ്പോർട്ടിൽ നിന്ന് ''..... 14-10-2003 ലെ കോടതി ഉത്തരവിനോട് കടുത്ത അവഗണനയാണ് കേരളത്തിലെ അധികൃതർ കാട്ടിയിരിക്കുന്നതെന്ന വസ്തുത ഞങ്ങളെ ഞെട്ടിക്കുന്നു. 1989 ലെ അപകടകരമായ മാലിന്യങ്ങൾ സംബന്ധിച്ച നിയമങ്ങളും ചട്ടങ്ങളും ആ കോടതി വിധിയും അനുസരിച്ചുള്ള അനുവാദ പത്രങ്ങളേതുമില്ലാതെ ഒട്ടേറെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ഈ സമിതി കണ്ടെത്തി. അപകടകരമായ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനും ശേഖരിക്കുന്നതിനും (അപകടരഹിതമായി) സൂക്ഷിക്കുന്നതിനും വേണ്ട സംവിധാനങ്ങൾ (ടിഎസ്ഡിഎഫ്) ഒന്നുംതന്നെ കേരളത്തിൽ ഇല്ലെന്നും വ്യവസായങ്ങളെല്ലാം ഈ മാലിന്യങ്ങൾ അന്തരീക്ഷത്തിലേക്ക് വിട്ടുകൊണ്ടിരിക്കയാണെന്നും കമ്മിറ്റി കാണുന്നു. വായു, ജലം സംരക്ഷണത്തിനായുള്ള എല്ലാ നിയമങ്ങളും പരസ്യമായി ലംഘിക്കപ്പെടുന്നു. കേരളത്തിന്റെ ജീവരേഖയായ പെരിയാറിന്റെ അവസ്ഥയിൽ സമിതി കടുത്ത ആശങ്കയും നിരാശയും രേഖപ്പെടുത്തി. ഈ മാലിന്യങ്ങളെല്ലാം സ്വീകരിക്കുന്ന നിയമവിരുദ്ധവും വിശാലവുമായ ഒരു മാലിന്യ സംസ്കരണ സംവിധാനമായി

കേരളം മാറിയിരിക്കുന്നുവെന്ന് സമിതി കാണുന്നു." ഇതോടൊപ്പം തന്നെ, ഇവിടെയുള്ള പല വ്യവസായങ്ങളും കാലഹരണപ്പെട്ട സാങ്കേതികവിദ്യകളെയും ഉൽപന്നങ്ങളെയുമാണ് ആശ്രയിക്കുന്നതെന്നും (ഇതിൽ സർക്കാർ ഉടമസ്ഥതയിലുള്ള പല വ്യവസായങ്ങളുമുണ്ട്) വളരെ മുമ്പുതന്നെ ഇവയെല്ലാം അടച്ചുപൂട്ടേണ്ടിയിരുന്നവയാണെന്നും സമിതി അഭിപ്രായപ്പെടുന്നു.

സമിതി ഒട്ടേറെ ശുപാർശകൾ നടത്തുകയും പല നടപടികളും സ്വീകരിക്കുകയും ചെയ്തു. നിയമലംഘനം നടത്തിക്കൊണ്ട് പ്രവർത്തിക്കുന്ന എല്ലാ കമ്പനികളും ആറുമാസത്തിനകം അടച്ചുപൂട്ടുക, മലിനീകരണനിയന്ത്രണബോർഡ് കാര്യക്ഷമമായി പുനഃസംഘടിപ്പിക്കുക, ഇന്നത്തെ ഈ ദുരവസ്ഥയിലേക്ക് കാര്യങ്ങളെത്താൻ കാരണക്കാരായവരെ ശിക്ഷിക്കുക, മലിനീകരണംമൂലം ജലം മലിനമായവർക്ക് കമ്പനികളുടെ ചിലവിൽ കുടിവെള്ളം നൽകുക, കമ്പനികളിൽനിന്നും 2.5 കോടി രൂപ പിഴയീടാക്കി, ആ പണം കൊണ്ട് പെരിയാറിനെ പുനരുജ്ജീവിപ്പിക്കുക തുടങ്ങിയവയാണ് പ്രധാന നിർദ്ദേശങ്ങൾ. മലിനീകരണ നിവാരണ സംവിധാനങ്ങൾ പരിശോധിക്കുന്നതിനുവേണ്ടി വിദഗ്ദ്ധരും സന്നദ്ധ പ്രവർത്തകരും ഉദ്യോഗസ്ഥരുമടങ്ങുന്ന പ്രാദേശിക സമിതികളെയും നിയമിച്ചു. എച്ച്. ഐ.എൽ. കീടനാശിനി നിർമ്മാണശാലയിൽ അടുത്തകാലത്തുണ്ടായ സ്ഫോടനത്തെ സംബന്ധിച്ചും സമിതി അന്വേഷണം നടത്തി. നിലവിലുള്ള സാങ്കേതിക വിദ്യ മെച്ചപ്പെടുത്താതെ ആ സ്ഥാപനം തുറക്കാൻ അനുവദിക്കില്ലെന്നും പറഞ്ഞിട്ടുണ്ട്.

## അള മുട്ടിയപ്പോൾ

സുപ്രീം കോടതി, കോടതിയലക്ഷ്യക്കുറ്റത്തിന് ശിക്ഷിക്കുമെന്ന സ്ഥിതിയായപ്പോഴാണ്, തൽക്കാലം തടി രക്ഷിക്കുന്നതിനുവേണ്ടി, 2004 ഒക്ടോബറിൽ 32 കമ്പനികൾ അടച്ചുപൂട്ടാൻ മലിനീകരണ നിയന്ത്രണബോർഡ് ഉത്തരവിട്ടത്. നാളിതുവരെ മലിനീകരണം തടയാൻ യാതൊരു നടപടിയും ചെയ്യാതിരുന്നവരാണ് ഒറ്റയടിക്ക് ഈ നടപടിക്കൊരുങ്ങിയത് എന്നോർക്കുക. അതെന്തായാലും ഈ നടപടി മാനേജ്മെന്റുകളെയും തൊഴിലാളികളെയും സർക്കാരിനെയും പ്രതിസന്ധിയിലാക്കി. ഏതോ ചില പരിസ്ഥിതി പ്രവർത്തകരുടെ സ്ഥാപിത താൽപ്പര്യം മാത്രമാണ് പ്രശ്നമെന്നും അവരെ കൈകാര്യം ചെയ്താൽ മതിയെന്നും വരെ പ്രചരിപ്പിച്ചിരുന്നവർക്ക് അൽപ്പമെങ്കിലും യാഥാർത്ഥ്യബോധമുണ്ടാക്കാൻ ഈ നടപടി ഉപകരിച്ചുവെന്നുപറയാം. ബന്ധപ്പെട്ട കക്ഷികളെല്ലാം ഒരുമിച്ചിരുന്ന് പരസ്പരം സംസാരിക്കാമെന്ന നിലയെങ്കിലുമായി. സർക്കാർ അടക്കമുള്ള കമ്പനി മാനേജ്മെന്റുകൾ വളരെ മുമ്പേ ചെയ്യേണ്ടിയിരുന്ന കാര്യങ്ങൾ ചെയ്യാത്തതും അധികൃതർ അതിനുവേണ്ട നടപടികൾ സ്വീകരിക്കാതിരുന്നതും തൊഴിലാളി സംഘടനകൾ ഉത്തരവാദിത്ത ബോധത്തോടെ ഈ പ്രശ്നത്തിൽ ഇടപെടാതിരുന്നതുമാണ് ഈയവസ്ഥയ്ക്കു കാരണമെന്ന് പരസ്പരം ബോദ്ധ്യപ്പെട്ടു.

കാലഹരണപ്പെട്ടവയാണെന്നതിനാൽ നവീകരണത്തിന് വൻ മൂലധനം ആവശ്യമാണെന്നതിനാലും തങ്ങളുടെ മുടക്കുമുതലിന്റെ പലമടങ്ങ് ലാഭം ഇതിനകം സമ്പാദിച്ചു കഴിഞ്ഞുവെന്നതിനാലും കമ്പനികൾ പൂട്ടുന്നതിൽ വലിയ കുഴപ്പമില്ലെന്നു കരുതുന്ന സ്വകാര്യ കമ്പനികൾ പലതുമുണ്ട്. ആഗോളവൽക്കരണ നയങ്ങളുടെ ഭാഗമായി സർക്കാർ പണം മുടക്കാൻ തയ്യാറല്ലാത്തതിനാൽ നവീകരണം തടയപ്പെട്ട സർക്കാർ കമ്പനികളുമുണ്ട്. വൻ അഴിമതി സാദ്ധ്യതയുള്ളതിനാൽ വിറ്റുതുലയ്ക്കാൻ സർക്കാർ തയ്യാറായ ഫാക്ട് പോലുള്ള വൻകിട കമ്പനികളുണ്ട്. വൈദ്യുതി വില ഉയർന്നതുമൂലം നഷ്ടത്തിലായതിനാൽ അടച്ചുപൂട്ടപ്പെട്ട ഇൻഡാൽ പോലുള്ള സ്ഥാപനങ്ങളുണ്ട്. കാരണമെന്തായാലും ഈയവസ്ഥ ഏറ്റവും വലിയ ഭീഷണിയായത് തൊഴിലാളികൾക്കാണ്. അതിന്റെ കൂടെയാണ് ഈ നിർണായക പ്രതിസന്ധി കൂടിവരുന്നത്. ഇത് കാര്യങ്ങളെ സങ്കീർണ്ണമാക്കി.

## കഥാശേഷം

സുപ്രീം കോടതി സമിതിയുടെ സന്ദർശനത്തിനുശേഷം പ്രാദേശിക സമിതികൾ ഓരോ കമ്പനിയുടെയും നിലവിലുള്ളതും പുതുതായുണ്ടാക്കുന്നതുമായ മാലിന്യ സംവിധാനങ്ങൾ പരിശോധിച്ച് ഇടക്കാല റിപ്പോർട്ട് നൽകി. മെർക്കം, ബിനാനി സിങ്ക് എന്നിവയടക്കം അഞ്ചു കമ്പനികൾ അടിയന്തരമായി അടച്ചു പൂട്ടണമെന്നു ശുപാർശ ചെയ്തിരിക്കുകയാണ്. അവർക്കിനി ഇന്നത്തെ നിലയിൽ മുന്നോട്ടുപോകാനാവില്ല.

## ഭാവിയെന്താണ്?

നാളിതുവരെ തങ്ങളെടുത്ത സമീപനങ്ങളിൽ വ്യതിയാനം വരുത്താൻ തൊഴിലാളി സംഘടനകൾ തയ്യാറാകുമോ ? അതിന്റെ ചില ലക്ഷണങ്ങൾ കാണുന്നുണ്ട് എന്നത് പ്രതീക്ഷാജനകമാണ്. തദ്ദേശീയരായ പരിസ്ഥിതി പ്രവർത്തകർ ഒരിക്കലും ഈ കമ്പനികൾ അടച്ചുപൂട്ടണമെന്നാവശ്യപ്പെട്ടിട്ടില്ല. അത്തരത്തിലുള്ള മൗലിക വാദികളല്ല ഇവർ. മറിച്ച് ഫാക്ടിനെ സംരക്ഷിക്കാനുള്ള സമരത്തിൽ അണിചേരുകയാണവർ ചെയ്തത്. തൊഴിൽ നഷ്ടപ്പെടുന്നവരും മലിനീകരണം മൂലം വായുവും ജലവും വെള്ളവും കൃഷിയും മത്സ്യവും നഷ്ടപ്പെടുന്നവരും പരസ്പരം പോരടിക്കേണ്ട ശത്രുക്കളല്ല. ഒരേ വ്യവസ്ഥയുടെ ഇരകളാണവർ. അവർ ഐക്യപ്പെടേണ്ടതുണ്ട്. ഈ ഐക്യശക്തിയായിരിക്കും വരുംകാല കേരളത്തിന്റെ വികസന അജണ്ട നിശ്ചയിക്കുക.


**MBA**
**M.Sc. Bio Informatics**
**MCA**

**SENSORIUM**

N.P. Complex, Mannath Lane
M.G. Road, Trichur
Ph : 95-487 2320478
Mobile : 94470 20478

*With best compliments from*

CENTRE FOR
POST GRADUATE STUDIES

*P.G. Centre*

North Bus Stand, Thrissur-20
Ph : 2338983, 2331714
e-mail : trc_postgrad@sancharnet.in.